**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **21-06-2024 - ൽ മറുപടിയ്ക്ക്**

**നോ ടു ഡ്രഗ്സ് കാമ്പയ്ൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നോ ടു ഡ്രഗ്സ് കാമ്പയ്ന്റെ ഫലമായി സംസ്ഥാനത്ത് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | 'നോ ടു ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഫലപ്രാപ്തിയെ കുറിച്ച് പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തിയിരുന്നു. 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും രണ്ട് ഘട്ടമായി നടത്തിയ 'നോ ടു ഡ്രഗ്സ്' ക്യാമ്പയിനിന്റേയും 2022-23 കാലയളവിലെ വിമുക്തി ബോധവൽക്കരണ പരിപാടിയുടെ ഫലപ്രാപ്തിയും സംബന്ധിച്ച് പഠനം നടത്തുന്നതിനാണ് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന് അനുമതി നൽകിയിരുന്നത്. ടി കോളേജ് കരട് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് എക്സൈസ്/വിമുക്തി മിഷൻ പരിശോധിച്ച് വരികയുമാണ്. |
| (ബി) | സ്ഥിരം ലഹരിക്കടത്തുകാരെ കരുതൽ തടങ്കലിലാക്കാൻ പട്ടിക തയ്യാറാക്കിയിരുന്നോ; ഇപ്രകാരം കരുതൽ തടങ്കലിൽ ആക്കിയവരുടെ വിശദാംശം നൽകാമോ; | (ബി) | സ്ഥിരം ലഹരി കടത്തുകാരെ കരുതൽ തടങ്കലിലാക്കുന്നതിനായി 62 പേർ ഉൾപ്പെടുന്ന ശുപാർശ ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ WPC(CH) No.426/2023- ന് മേൽ ബഹു. കേരള ഹൈക്കോടതിയുടെ 04.07.2023- ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ശുപാർശ കൂടുതൽ രേഖകൾ സഹിതം പുതിയ പ്രൊഫോർമയിൽ സമർപ്പിക്കുന്നതിനായി ആഭ്യന്തര വകുപ്പ് എക്സൈസ് വകുപ്പിന് മടക്കി നൽകിയിരുന്നു. തുടർന്ന് മേൽ നിർദ്ദേശാനുസരണം 2 പേർ ഉൾക്കൊള്ളുന്ന പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | തുടർച്ചയായി ലഹരിക്കേസുകളിൽ പ്രതിയാകുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | ഒരു വ്യക്തിയെ മയക്കുമരുന്ന് കേസിൽ കോടതി ശിക്ഷിക്കുകയും തുടർന്ന് അപ്പീലിലൂടെ ജാമ്യം ലഭിക്കുകയുമാണെങ്കിൽ, ടി വ്യക്തിയെക്കൊണ്ട് മൂന്ന് വർഷത്തിലധികം വരാത്ത കാലയളവിലേയ്ക്ക് മേൽ |

| | | | |
|---|---|---|---|
| | | | കുറ്റം ആവർത്തിക്കുകയില്ലെന്ന് ബോണ്ട് വയ്പ്പിക്കുന്നതിനും വീണ്ടും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം ആവർത്തിച്ചാൽ ജാമ്യത്തിലിറങ്ങുന്നത് തടയുന്നതിനും അധിക ശിക്ഷ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മയക്കുമരുന്ന് സംബന്ധിച്ച കുറ്റകൃത്യത്തിൽ ആവർത്തിച്ച് ഏർപ്പെടുന്ന വ്യക്തിയെ പരമാവധി 2 വർഷം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് PIT NDPS Act പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൊമേർഷ്യൽ ക്വാണ്ടിറ്റി NDPS കേസുകളിൽ ഉൾപ്പെടുന്ന പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരവെ തന്നെ കുറ്റപത്രം സമർപ്പിച്ച് ജാമ്യം നേടാതിരിക്കുന്നതിനും, ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചു തന്നെ വിചാരണ നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | പുതിയ അധ്യയനവർഷം ആരംഭിച്ചതിനാൽ വിദ്യാലയ പരിസരങ്ങളിൽ ലഹരി വിൽപ്പന തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | എക്സൈസ് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ, വിവിധ സാമൂഹിക സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ ഈ അധ്യയന വർഷവും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഓരോ റെയ്ഞ്ച് ഓഫീസിന്റേയും പരിധിയിൽ വരുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പട്ടിക എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് നൽകി, എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>സ്കൂൾ പരിസരത്തെ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങളോ മറ്റ് ലഹരി വസ്തുക്കളോ സൂക്ഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ പരിസരം, പ്രവർത്തനം ഇല്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പ് തുടങ്ങി ക്ലാസ്സ് ആരംഭിച്ച് അരമണിക്കൂർ വരെയും, വൈകിട്ട് സ്കൂളിലെ ക്ലാസ്സ് അവസാനിക്കുന്നതിന് അരമണിക്കൂർ മുമ്പ് തുടങ്ങി ക്ലാസ്സ് കഴിഞ്ഞ് അരമണിക്കൂർ വരെയും സ്കൂൾ പരിസരങ്ങളിൽ പട്രോളിംഗ് നടത്തുന്നതിനും പോലീസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുമായി ചേർന്ന് സ്കൂൾ പരിസരത്ത് വാഹന പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ